ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 06-06-2026** **TIME: 07.25 PM**

## പ്രധാന വാർത്തകൾ

1. പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ അധ്യക്ഷതയിൽ സാമ്പത്തിക ഉപദേശക സമിതി യോഗം ചേർന്നു ; സാമ്പത്തിക പരിവർത്തനം, ദീർഘകാല വികസനം എന്നീ വിഷയങ്ങൾ ചർച്ചയായതായി പ്രധാനമന്ത്രി.

   **The Economic Advisory Council met under the chairmanship of Prime Minister Narendra Modi; the Prime Minister said that the issues of economic transformation and long-term development were discussed.**

2. വികസിത ഭാരതമെന്ന ലക്ഷ്യത്തിലേക്ക് നയിക്കുന്ന രാജ്യത്തിന്റെ യഥാർത്ഥ ശക്തി യുവതലമുറയെന്ന് കേന്ദ്രമന്ത്രി മൻസുഖ് മാണ്ഡവ്യ.

   **Union Minister Mansukh Mandaviya said that the real strength of the country, which will lead to the goal of a developed India, is the youth generation.**

3. പ്ലസ് ടു മാർക്ക് പരിശോധനയ്ക്കും പുനർമൂല്യനിർണ്ണയത്തിനുമുള്ള അപേക്ഷകൾ സമർപ്പിക്കാനുള്ള അവസാന തീയതി ദീർഘിപ്പിച്ച് സി ബി എസ് ഇ. നാളെ അർധരാത്രി വരെ അപേക്ഷകൾ സമർപ്പിക്കാം.

   **CBSE has extended the last date for submission of applications for Verification of Marks and Re-evaluation . Applications can be submitted till midnight tomorrow.**

4. കേരളത്തിൽ നടപ്പാക്കാൻ നിർദ്ദേശിച്ച അതിവേഗ റെയിൽ പദ്ധതി പഠിക്കാൻ നാലംഗ സമിതിയെ നിയോഗിച്ച് സംസ്ഥാന സർക്കാർ.

The state government has appointed a four-member committee to study the proposed high-speed rail project to be implemented in Kerala.

5. സംസ്ഥാനത്ത് അതിതീവ്ര മഴയ്ക്ക് സാധ്യത. അഞ്ച് ജില്ലകളിൽ ചുവപ്പ് ജാഗ്രത. കേരള -ലക്ഷദ്വീപ്-കർണാടക തീരങ്ങളിൽ ചൊവ്വാഴ്ച വരെ മത്സ്യബന്ധനത്തിന് വിലക്ക്.

There is a possibility of very heavy rain in the state. Red alert in five districts. Fishing banned on the Kerala-Lakshadweep-Karnataka coasts till Tuesday.

6. പുരുഷ അണ്ടർ-18 ഏഷ്യാ കപ്പ് ഹോക്കി കിരീടം സ്വന്തമാക്കി ഇന്ത്യ. കിരീടനേട്ടം ജപ്പാനെ പരാജയപ്പെടുത്തി.

India wins the Men's Under-18 Asia Cup hockey title. Defeated Japan to win the cup.

**********************

## PM EAC MEETING

പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ അധ്യക്ഷതയിൽ സാമ്പത്തിക ഉപദേശക സമിതി യോഗം ചേർന്നു. ആഗോള പ്രതിസന്ധിയുടെ സമയത്ത് ഇന്ത്യയുടെ സാമ്പത്തിക വളർച്ച കൂടുതൽ ഉത്തേജിപ്പിക്കുന്നതിനുള്ള വിവിധ ആശയങ്ങളും നടപടികളും യോഗത്തിൽ ചർച്ചയായി. ഇന്ത്യയുടെ സാമ്പത്തിക പരിവർത്തനം, ദീർഘകാല വികസന മുൻഗണനകൾ തുടങ്ങിയ വിഷയങ്ങളിൽ സമിതി അംഗങ്ങളുമായി ചർച്ചകൾ നടന്നതായി പ്രധാനമന്ത്രി സാമൂഹ്യ മാധ്യമത്തിലൂടെ അറിയിച്ചു. ജനജീവിതം മെച്ചപ്പെടുത്തുന്നതിനും ബിസിനസ്സ് സുഗമമാക്കുന്നതിനും വേണ്ടിയുള്ള വിവിധ പരിഷ്ക്കാരങ്ങളും അംഗങ്ങൾ പങ്കുവെച്ചതായി അദ്ദേഹം പറഞ്ഞു.

**********************

## YOUTH CONVENTION – MANDAVIYA INTRO

വികസിത ഭാരതമെന്ന ലക്ഷ്യത്തിലേക്ക് നയിക്കുന്ന രാജ്യത്തിന്റെ യഥാർത്ഥ ശക്തി യുവതലമുറയാണെന്ന് കേന്ദ്രമന്ത്രി മൻസുഖ് മാണ്ഡവ്യ. ന്യൂഡൽഹിയിൽ മൈ ഭാരത് യുവ കൺവെൻഷനെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. ജനസംഖ്യയുടെ 65 ശതമാനം 35 വയസിന് താഴെയുള്ളവരാണെന്നും ഇതിലൂടെ ലോകത്തെ ഏറ്റവും യുവജനസമ്പന്നമായ രാജ്യങ്ങളിലൊന്നായി ഇന്ത്യ മാറിയിരിക്കുകയാണെന്നും അദ്ദേഹം പറഞ്ഞു.

(വോയിസ്)

***********************

## GOVT- EDIBLE OILS

ഭക്ഷ്യ എണ്ണ പാക്കറ്റുകളുടെ വലിപ്പത്തിൽ ഭേദഗതി നിർദ്ദേശിച്ച് കേന്ദ്രസർക്കാർ. പരിഷ്കരിച്ച നിയമപ്രകാരം പ്രധാന ഭക്ഷ്യ എണ്ണകൾക്കെല്ലാം കൃത്യമായ പാക്കറ്റ് അളവുകൾ നിശ്ചയിച്ചിട്ടുണ്ടെന്ന് ഭക്ഷ്യ-പൊതുവിതരണ മന്ത്രാലയം അറിയിച്ചു. പാം ഓയിൽ, പാമോലിൻ, സോയാബീൻ എണ്ണ, സൂര്യകാന്തിയെണ്ണ, കടുകെണ്ണ, എന്നിവയുൾപ്പെടെയുള്ള പ്രധാന ഭക്ഷ്യ എണ്ണകൾക്ക് പുതുക്കിയ ഭേദഗതി ബാധകമാണ്. 200 ഗ്രാം, 500 ഗ്രാം, 1 മുതൽ 5 കിലോഗ്രാം വരെ, 15 കിലോഗ്രാം, 20 കിലോഗ്രാം എന്നിവയാണ് അംഗീകൃത പാക്കറ്റ് അളവുകൾ.

***********************

## CBSE EXTEND DATE

CBSE പ്ലസ് ടു മാർക്ക് പരിശോധനയ്ക്കും പുനർമൂല്യനിർണ്ണയത്തിനുമുള്ള അപേക്ഷകൾ സമർപ്പിക്കാനുള്ള അവസാന തീയതി നാളെ വരെ ദീർഘിപ്പിച്ചു. ഞായറാഴ്ച അർധരാത്രി വരെ അപേക്ഷകൾ സമർപ്പിക്കാം. അപേക്ഷാ നടപടികൾ പൂർത്തിയാക്കാൻ വിദ്യാർത്ഥികൾക്ക് കൂടുതൽ സമയം നൽകുന്നതിനായാണ് തീരുമാനമെന്ന് സി.ബി.എസ്.ഇ വ്യക്തമാക്കി.

***********************

## NEPAL-MEA

വിദേശകാര്യ മന്ത്രി എസ്. ജയ്ശങ്കറും നേപ്പാൾ വിദേശകാര്യ മന്ത്രി ശിശിർ ഖനാലുമായുള്ള ചർച്ച ന്യൂഡൽഹിയിൽ പുരോഗമിക്കുന്നു പരസ്പര വിശ്വാസത്തിലൂന്നിയുള്ള പങ്കാളിത്തമാണ് ഇന്ത്യ-നേപ്പാൾ ബന്ധത്തിൻറെ അടിസ്ഥാനമെന്ന് ജയശങ്കർ ചർച്ചയുടെ തുടക്കത്തിൽ ചൂണ്ടിക്കാട്ടി. വ്യാപാരം, നിക്ഷേപം, കണക്റ്റിവിറ്റി, ഊർജ്ജം, തുടങ്ങി പരസ്പര താൽപ്പര്യമുള്ള വിഷയങ്ങളിലൂന്നിയാണ് ചർച്ച നടക്കുന്നത്.

************************

## RAJNATH – GDP GROWTH

ആഗോള പ്രതിസന്ധികൾക്കിടയിലും ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയുടെ അടിത്തറ ശക്തമായി തുടരുന്നുവെന്ന് രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിംഗ്. കേന്ദ്ര സർക്കാരിന്റെ കഴിഞ്ഞ 12 വർഷത്തെ മികച്ച സേവനത്തിനുള്ള തെളിവാണ് ഇന്ത്യയുടെ അതിവേഗം വളരുന്ന സമ്പദ്‌വ്യവസ്ഥയെന്ന് അദ്ദേഹം സമൂഹമാധ്യമത്തിൽ കുറിച്ചു. 2025-26 സാമ്പത്തിക വർഷത്തിൽ രേഖപ്പെടുത്തിയ 7.7 ശതമാനം GDP വളർച്ചാ നിരക്കിനെ പരാമർശിക്കവെയാണ് അദ്ദേഹം ഇക്കാര്യം അറിയിച്ചത്.

************************

## UN SECURITY COUNCIL

യു.എൻ രക്ഷാസമിതിയിലെ താൽക്കാലിക അംഗത്വം ദുരുപയോഗം ചെയ്ത്, പാകിസ്ഥാൻ ജമ്മു കശ്മീരിനെക്കുറിച്ച് വ്യാജപ്രചാരണം നടത്തുകയാണെന്ന് ഇന്ത്യ. രക്ഷാസമിതിയുടെ വാർഷിക റിപ്പോർട്ട് ചർച്ച ചെയ്യുന്നതിനിടെ പാക് പ്രതിനിധി നടത്തിയ പരാമർശങ്ങൾക്ക് മറുപടി നൽകുകയായിരുന്നു യു.എന്നിലെ ഇന്ത്യയുടെ സ്ഥിരം പ്രതിനിധി പി. ഹരീഷ്.

**********************

<u>ബ്രേക്ക്</u>

ഈ വാർത്തകൾ ആകാശവാണിയിൽ നിന്നും...

(ബ്രേക്ക്)

**********************

## <u>HIGH SPEED RAIL</u>

കേരളത്തിൽ നടപ്പാക്കാൻ മെട്രോമാൻ ഇ. ശ്രീധരൻ മുന്നോട്ടുവെച്ച അതിവേഗ റെയിൽ പദ്ധതി പഠിക്കാൻ നാലംഗ സമിതിയെ നിയോഗിച്ച് സംസ്ഥാന സർക്കാർ. ഗതാഗത സെക്രട്ടറിയാണ് സമിതിയുടെ അധ്യക്ഷൻ. പരിസ്ഥിതി വിദഗ്ധൻ ശ്രീധർ രാമകൃഷ്ണനെയും സമിതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അതിവേഗ റെയിൽ പദ്ധതിയുടെ ഇടക്കാല റിപ്പോർട്ട് ഇ. ശ്രീധരൻ, മുഖ്യമന്ത്രി വി.ഡി. സതീശന് കഴിഞ്ഞ ദിവസം കൈമാറിയിരുന്നു.

**********************

## <u>WB – ASHWINI VAISHNAW INTRO</u>

പശ്ചിമ ബംഗാളിൽ റെയിൽവെ പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിലൂടെ അടിസ്ഥാന സൗകര്യ വികസനത്തിൽ സമഗ്ര മാറ്റം വരുമെന്ന് കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ്. കൊൽക്കത്തയിൽ മുഖ്യമന്ത്രി സുവേന്ദു അധികാരിക്കൊപ്പം വാർത്താസമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. കേന്ദ്ര ബജറ്റിൽ പശ്ചിമ ബംഗാളിലെ റെയിൽ വികസനത്തിനായി ഇത്തവണ 14,205 കോടി രൂപയാണ് വകയിരുത്തിയിരിക്കുന്നത്. 5 വർഷത്തിനുള്ളിൽ പുതു തലമുറയിൽപ്പെട്ട 60 ട്രെയിനുകൾ അവതരിപ്പിക്കുമെന്നും ശ്രീ.അശ്വിനി വൈഷ്ണവ് അറിയിച്ചു.

(വോയിസ്)

**********************

## RAIN - KERALA

കേരളത്തിൽ തെക്കുപടിഞ്ഞാറൻ കാലവർഷം ശക്തി പ്രാപിക്കുന്നു. മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ,കാസർഗോഡ് ജില്ലകളിൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് ഇന്ന് ചുവപ്പ് ജാഗ്രത പ്രഖ്യാപിച്ചു. മഴ സാധ്യത കണക്കിലെടുത്ത് ആറ് ജില്ലകളിൽ ഓറഞ്ച് ജാഗ്രതയും മറ്റ് മൂന്ന് ജില്ലകളിൽ മഞ്ഞ ജാഗ്രതയും നൽകിയിട്ടുണ്ട്. പ്രതികൂല കാലാവസ്ഥയെ തുടർന്ന് കേരളം-ലക്ഷദ്വീപ്, കർണാടക തീരങ്ങളിൽ ചൊവ്വാഴ്ച വരെ മത്സ്യബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തി.

***********************

## UNDER-18 ASIA CUP HOCKEY

പുരുഷ അണ്ടർ 18 ഏഷ്യാ കപ്പ് ഹോക്കി ടൂർണമെൻറിൽ കിരീടം സ്വന്തമാക്കി ഇന്ത്യ. ഫൈനലിൽ ജപ്പാനെ ഒന്നിനെതിരെ നാലു ഗോളുകൾക്ക് പരാജയപ്പെടുത്തിയാണ് ഇന്ത്യൻ ടീം മൂന്നാം തവണയും അണ്ടർ - 18 ഏഷ്യാ കപ്പ് ഉയർത്തിയത്.

***********************

## CHESS-PRAGGNANANDHA

നോർവേ ചെസ് കിരീടം ഇന്ത്യൻ ഗ്രാൻഡ്മാസ്റ്റർ ആർ. പ്രഗ്നാനന്ദയ്ക്ക്. ഓസ്ലോയിൽ നടന്ന മത്സരത്തിൽ ജർമ്മനിയുടെ വിൻസെന്റ് കീമറിനെ അവസാന റൗണ്ടിൽ പരാജയപ്പെടുത്തിയാണ് പ്രഗ്നാനന്ദയുടെ ചരിത്രവിജയം. ഈ നേട്ടം സ്വന്തമാക്കുന്ന ആദ്യ ഇന്ത്യക്കാരനാണ് പ്രഗ്നാനന്ദ. കിരീട നേട്ടത്തിൽ ഉപരാഷ്ട്രപതി സി പി രാധാകൃഷ്ണൻ, പ്രധാനമന്ത്രി നരേന്ദ്രമോദി ഉൾപ്പെടെയുള്ള പ്രമുഖർ പ്രഗ്നാനന്ദയെ അഭിനന്ദിച്ചു.

***********************

## TWENTY-20 CRICKET

ഇംഗ്ലണ്ട്, അയർലൻഡ് പര്യടനങ്ങൾക്കുള്ള 16 അംഗ ഇന്ത്യൻ ട്വന്റി-20 ക്രിക്കറ്റ് ടീമിനെ പ്രഖ്യാപിച്ചു. ശ്രേയസ് അയ്യരാണ് ക്യാപ്റ്റൻ. തിലക് വർമ്മയാണ് വൈസ് ക്യാപ്റ്റൻ. യുവതാരങ്ങളായ വൈഭവ് സൂര്യവംശിയും പ്രിൻസ് യാദവും ടീമിൽ ഇടം നേടി.

**********************

## IRAN WARNS TRUMP

ഹോർമുസ് കടലിടുക്കിലെ ഉപരോധം അവസാനിപ്പിക്കണമെന്നും ഇറാന്റെ മരവിപ്പിച്ച സ്വത്തുക്കൾ വിട്ടുകിട്ടണമെന്നും അമേരിക്കയോട് ആവശ്യപ്പെട്ട് ഇറാന്റെ സൈനിക ഉപദേഷ്ടാവ് മൊഹ്സെൻ റെസായി. ഒരു ടെലിവിഷൻ ചാനലിന് നൽകിയ അഭിമുഖത്തിലാണ് അദ്ദേഹം ട്രംപിന് മുന്നറിയിപ്പ് നൽകിയത്.

**********************

## INDIAS SOLAR CAPACITY GROWN

കഴിഞ്ഞ പന്ത്രണ്ട് വർഷത്തിനിടെ ഇന്ത്യയുടെ സൗരോർജ്ജ ശേഷി 2.8 ജിഗാവാട്ടിൽ നിന്ന് 155 ജിഗാവാട്ടായി വളർന്നതായി കേന്ദ്ര മന്ത്രി ഗജേന്ദ്ര സിംഗ് ശെഖാവത്ത്. കാർഷിക മേഖലയിലെ സൗരോർജ്ജ ശേഷി ഇരട്ടിയാക്കുന്നത് പരിസ്ഥിതി സംരക്ഷണത്തോടൊപ്പം പുരോഗതിയുടെ തെളിവാണെന്നും കേന്ദ്രമന്ത്രി സാമൂഹ്യ മാധ്യമത്തിലൂടെ പറഞ്ഞു.

**********************

## FPI-RESERVE BANK

ഗവൺമെന്റ് സെക്യൂരിറ്റികളിൽ എഫ്. പി.ഐ-കളുടെ നിക്ഷേപം നിയന്ത്രിക്കുന്ന നിയമങ്ങൾ ലളിതമാക്കി റിസർവ് ബാങ്ക് ഓഫ് ഇന്ത്യ. വിദേശ നിക്ഷേപങ്ങൾ എളുപ്പമാക്കുന്നതിനും ആവശ്യകതകൾ കുറയ്ക്കുന്നതിനുമാണ് പുതുക്കിയ ചട്ടക്കൂട് ലക്ഷ്യമിടുന്നത്.

**********************

## NAVI MUMBAI AIRPORT RENAME

നവി മുംബൈ അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ പ്രവേശന കവാടത്തിൽ സ്ഥാപിച്ച ഛത്രപതി ശിവജിയുടെ 20 അടി ഉയരമുള്ള പ്രതിമ മഹാരാഷ്ട്ര മുഖ്യമന്ത്രി ദേവേന്ദ്ര ഫഡ്നാവിസ് അനാവരണം ചെയ്തു. ഛത്രപതി

ശിവജിയുടെ കിരീടധാരണ ദിനത്തോടനുബന്ധിച്ചു നടന്ന ചടങ്ങിലാണ് പ്രതിമയുടെ അനാച്ഛാദനം. നവി മുംബൈ അന്താരാഷ്ട്ര വിമാനത്താവളത്തിന് D B പാട്ടീലിന്റെ പേര് നൽകാനുള്ള നിർദ്ദേശം സംസ്ഥാന സർക്കാർ കേന്ദ്രവുമായി ചർച്ച ചെയ്തുവരുന്നതായും മുഖ്യമന്ത്രി അറിയിച്ചു.

**********************

## DRUG-FREE J AND K CAMPAIGN

**മയക്കുമരുന്ന് രഹിത ജമ്മു കശ്മീർ** എന്ന പ്രചാരണം, ശക്തമായ ജനകീയ പ്രസ്ഥാനമായി മാറിയതായി ജമ്മു കശ്മീർ ലെഫ്റ്റനന്റ് ഗവർണർ മനോജ് സിൻഹ. മയക്കുമരുന്ന് ദുരുപയോഗത്തി നെതിരെ കിഷ്ത്വാറിൽ നടന്ന പദയാത്രയെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. 19 ജില്ലകളിൽ പ്രചാരണം നടന്നു.

**********************

## ISRAELI AIRSTRIKES- LEBANON

തെക്കൻ ലെബനനിൽ ഇസ്രായേൽ നടത്തിയ വ്യോമാക്രമണങ്ങളിൽ മൂന്ന് സൈനികർ ഉൾപ്പെടെ ഒൻപത് പേർ കൊല്ലപ്പെട്ടതായി ലെബനൻ സൈന്യം. ഇസ്രായേൽ വ്യോമാക്രമണത്തിൽ ഒരു ബ്രിഗേഡിയർ ജനറലും ഒരു ക്യാപ്റ്റനും ഒരു സൈനികനും കൊല്ലപ്പെട്ടതായാണ് സൈന്യം അറിയിച്ചത്. സക്സാക്കിയ ഗ്രാമത്തിൽ നടന്ന ആക്രമണത്തിൽ ആറുപേർ കൊല്ലപ്പെടുകയും നാല് പേർക്ക് പരിക്കേൽക്കുകയും ചെയ്തു. ആക്രമണത്തോടെ സമഗ്രമായ വെടിനിർത്തൽ നടപ്പിലാക്കുന്നതിനുള്ള ശ്രമങ്ങളെ ഇസ്രായേൽ ദുർബലപ്പെടുത്തിയതായി ലെബനൻ സൈന്യം പ്രസ്താവനയിൽ ആരോപിച്ചു.

*********************************************************************